**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2795** **13-10-2021 - ൽ മറുപടിയ്ക്ക്**

**ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വിദേശികളെ കേരളത്തിലേക്ക് ആകർഷിക്കുന്ന രീതിയിൽ വനം വകുപ്പ് മുൻകൈ എടുത്തുകൊണ്ട് ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നുണ്ടോ; | (എ) | വിദേശികളടക്കമുള്ള സഞ്ചാരികളെ ആകർഷിക്കുന്ന രീതിയിലാണ് വനം വകുപ്പ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |
| (ബി) | എങ്കിൽ ഇതിലേക്ക് സ്വദേശികളെയും വിദേശികളെയും ആകർഷിക്കാൻ സഞ്ചാരികൾക്ക് നൽകുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | ഇക്കോ-ടൂറിസം കേന്ദ്രങ്ങളിലേക്ക് വരുന്ന വിദേശികളടക്കമുള്ള സന്ദർശകരെ ആകർഷിക്കുന്നതിലേയ്ക്കായി ട്രക്കിംഗ്, ബോട്ട്സർവ്വീസ്, മുള കൊണ്ടുള്ള ചങ്ങാടങ്ങൾ, ഗൈഡുകളുടെ സഹായം, സന്ദർശകർക്ക് അവരുടെ സൗകര്യ പ്രദമായ സമയം തെരഞ്ഞെടുത്ത് സന്ദർശനം നടത്തുന്നതിന് ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് മുതലായവ നടപ്പിലാക്കി വരുന്നു. കൂടാതെ കഫറ്റീരിയ, ടോയിലറ്റ് സംവിധാനങ്ങൾ, വിശ്രമ സങ്കേതങ്ങൾ തുടങ്ങിയവ പ്രകൃതിക്ക് അനുയോജ്യമാംവിധം സജ്ജീകരിച്ചിട്ടുണ്ട്. ഇക്കോടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള ബ്രോഷറുകൾ,ചിത്രങ്ങൾ അടങ്ങിയ ബുക്ക് ലറ്റുകൾ മുതലായവയും സന്ദർശകർക്ക് ലഭ്യമാക്കുന്നുണ്ട്. അംഗീകൃത വർക്കിംഗ് പ്ലാൻ, മാനേജ്മെന്റ് പ്ലാൻ, ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയ്ക്കും 1980-ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ടിനും മറ്റു വനനിയമങ്ങൾക്കും അനുസൃതമായിട്ടാണ് വനം വകുപ്പിനു കീഴിലുള്ള ഇക്കോടൂറിസം പ്രവർത്തനങ്ങൾ നടത്തി വരുന്നത്. പ്രകൃതിയ്ക്കും വന്യജീവികളുടെ ആവാസ വ്യവസ്ഥയ്ക്കുംകോട്ടം തട്ടാത്ത രീതിയിലുള്ളതും വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടു കൂടി ഉള്ളതുമായ പ്രവർത്തനങ്ങളാണ് വനം വകുപ്പിന്റെ ഇക്കോ ടൂറിസം പ്രോഗ്രാമുകളുടെ മുഖമുദ്ര. |

സെക്ഷൻ ഓഫീസർ